(ബി) വിദേശയാത്രയ്ക്ക് സംസ്ഥാന ഖജനാവിൽനിന്നും തുകയൊന്നും കൈപ്പറ്റിയിട്ടില്ല. സംസ്ഥാനത്തിനകത്ത് വിമാനയാത്രചെയ്ത വകയിൽ 4,82,346 (നാല് ലക്ഷത്തി എൺപത്തി രണ്ടായിരത്തി മുന്നൂറ്റി നാല്പത്താറ് രൂപ മാത്രം) രൂപയും സംസ്ഥാനത്തിന് പുറത്ത് വിമാനയാത്രചെയ്ത വകയിൽ 7,74,939 (ഏഴ് ലക്ഷത്തി എഴുപത്തിനാലായിരത്തി തൊള്ളായിരത്തി മുപ്പത്തി ഒൻപത് രൂപമാത്രം) ചെലവായി.

അതിഥി സൽക്കാരത്തിന് ചെലവഴിച്ച തുക

13 (14) ശ്രീ. കെ. ശിവദാസൻ നായർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി, മറ്റുമന്ത്രിമാർ എന്നിവർ ഓരോരുത്തരും ഇതുവരെ അതിഥി സൽക്കാരത്തിന് എത്ര രൂപ, ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) നടപ്പുസാമ്പത്തികവർഷം ഇതുവരെ ഈ ഇനത്തിൽ ഓരോരുത്തരും എന്തുതുക വീതമാണ് ചെലവിട്ടത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ എന്നിവർ ഓരോരുത്തരും അതിഥി സൽക്കാരത്തിനായി ചെലവഴിച്ച തുകയിൽ 25-1-2011-വരെ പേയ്മെന്റ് നടത്തിയ തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 'എ'-ൽ ചേർത്തിരിക്കുന്നു.*

(ബി) നടപ്പുസാമ്പത്തികവർഷം ഈ ഇനത്തിൽ ഓരോരുത്തരും ചെലവഴിച്ച തുകയിൽ 25-1-2011-വരെ പേയ്മെന്റ് നടത്തിയ തുകസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 'ബി'-ൽ ചേർത്തിരിക്കുന്നു.*

പേഴ്സണൽ സ്റ്റാഫിലുള്ളവർ കൈപ്പറ്റിയ അലവൻസുകൾ

14 (15) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം ഇതുവരെ മന്ത്രിമാരുടെ ഓരോരുത്തരുടെയും പേഴ്സണൽ സ്റ്റാഫിലുള്ളവർ ശമ്പളം, വിവിധ അലവൻസുകൾ എന്നീ ഇനത്തിൽ എത്ര തുക പറ്റിയിട്ടുണ്ട് ;

(ബി) ഇക്കാലത്ത് ഓരോ മന്ത്രിയുടെയും പേഴ്സണൽ സ്റ്റാഫിലുള്ളവർ ടി.എ.,ഡി.എ. എന്നീയിനങ്ങളിൽ എന്തുതുക വീതം പറ്റിയിട്ടുണ്ട് ;

(സി) ഈ കാലയളവിൽ ഓരോ മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിലുള്ളവർ അവരുടെയും കുടുംബാംഗങ്ങളുടെയും ചികിത്സാ ചെലവിനത്തിൽ എത്ര തുക വീതം പറ്റിയിട്ടുണ്ട് ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly